# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 473

06-02-2014 ൽ മറുപടിക്ക്

## എക്സൈസ് സേനയ്ക്ക് വയർലസ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ:<br>ശ്രീ. സണ്ണി ജോസഫ്:<br>ശ്രീ. കെ.മുരളീധരൻ:<br>ശ്രീ. ലൂഡി ലൂയിസ് : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| എ) എക്സൈസ് സേനയ്ക്ക് സംസ്ഥാന വ്യാപകമായി പുതിയ വയർലസ് സംവിധാനം ഒരുക്കുവാൻ സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ; | എ) ഉണ്ട്. വാർത്താവിനിമയ സൗകര്യങ്ങൾ മെച്ചപ്പെടുത്തി, വകുപ്പിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിന്റെ സഹായത്തോടെ, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, വയനാട്, കാസർഗോഡ് എന്നീ 10 ജില്ലകളിൽ വയർലസ് സംവിധാനം നടപ്പിലാക്കുന്നതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ആയതിന്, 2013-14 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 110 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതാണ്. |
| ബി) സേനാ നവീകരണ പദ്ധതിയിൽ വയർലസ് സംവിധാനത്തിന് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന് വരുന്ന ചെലവ് വ്യക്തമാക്കാമോ ; | ബി) ഉണ്ട്. വയർലസ് സംവിധാനം പ്രാരംഭഘട്ടത്തിൽ പത്ത് ജില്ലകളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ആയതിനായി, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, വയനാട്, കാസർഗോഡ് എന്നീ 10 ജില്ലകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. വയർലെസ് സംവിധാനം നടപ്പിലാക്കുന്നതിനായി, 2013-14 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ 110 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വയർലെസ് സിസ്റ്റം നടപ്പിലാക്കുന്നതിൽ, എക്സൈസ് വകുപ്പിന് മുൻ പരിചയം ഇല്ലാത്തതിനാലും, ഇക്കാര്യത്തിൽ പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിന്റെ പ്രാവീണ്യം കണക്കിലെടുത്തും, പ്രസ്തുത പ്രവൃത്തി, പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിന്റെ സഹകരണത്തോടെ നടപ്പിലാക്കാൻ, 24-06-2013 തീയതിയിലെ സ.ഉ.(സാധാ). 486/2013/TD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, ടി തുക, പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിന് കൈമാറുവാൻ സർക്കാർ ഉത്തരവാകുകയുണ്ടായി. ആയതിലേക്ക് പോലീസ് വകുപ്പിന് ഒരു റ്റി.എസ്.ബി. അക്കൗണ്ട് തുടങ്ങേണ്ടതുണ്ടെന്ന് കാണിച്ച് ടി വകുപ്പ് നൽകിയ അപേക്ഷ സർക്കാർ നിരസിക്കുകയും, തുടർന്ന് ടി സംവിധാനം നടപ്പിലാക്കുവാൻ പോലീസ് വകുപ്പിന് യഥാർത്ഥത്തിൽ ആവശ്യമായ തുക എക്സൈസ് വകുപ്പ് യഥാസമയം തന്നെ അലോട്ട് ചെയ്യണമെന്നും, സർക്കാർ നിർദ്ദേശിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ, പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിംഗിനോട് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. എന്നാൽ, വയർലെസ്സ് സംവിധാനം നടപ്പിലാക്കു |

വാൻ ആവശ്യമായ സ്പെക്ട്രം ലൈസൻസ് നേടുന്നതിന് എക്സൈസ് വകുപ്പ് തന്നെ അപേക്ഷ നൽകണമെന്നും, കൂടാതെ ടി സംവിധാനം നടപ്പിലാക്കുവാൻ ആവശ്യമായ സെറ്റ് ഉൾപ്പെടെയുള്ള എല്ലാവിധ സാധനസാമഗ്രികളും എക്സൈസ് വകുപ്പ് നേരിട്ട് ടെൻഡർ നടപടികളിലൂടെ വാങ്ങണമെന്നും പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിംഗ് നിർദ്ദേശിച്ചതിനാൽ, ആയവ വാങ്ങുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

സി) ഫീൽഡ് ഡ്യൂട്ടിയിൽ ഏർപ്പെടുന്ന എക്സൈസ് ഉദ്യോഗസ്ഥരെ വയർലസ് സംവിധാനത്തിലൂടെ ജില്ലാടിസ്ഥാന ത്തിൽ ബന്ധിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

സി) പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. വയർലസ് സംവിധാനം നടപ്പിലാക്കാനുദ്ദേശിക്കുന്ന 10 ജില്ലകളിലെ വിവിധ എക്സൈസ് ആഫീസുകൾക്ക് ആവശ്യമുള്ള വയർലസ് ഉപകരണങ്ങൾ കണക്കാക്കിയിട്ടുണ്ട്. ആയത് പ്രകാരം, ടി ജില്ലകളിലുള്ള എല്ലാ എക്സൈസ് ആഫീസുകളിലും സ്റ്റാറ്റിക് സെറ്റുകൾ സ്ഥാപിക്കുന്നതാണ്. കൂടാതെ, പട്രോളിംഗ് വാഹനങ്ങളിൽ മൊബൈൽ സെറ്റുകളും, ഉദ്യോഗസ്ഥർക്ക് ഹാൻഡ് സെറ്റുകളും നൽകുന്നുണ്ട്. ടി സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി, ഉദ്യോഗസ്ഥർക്ക് പരസ്പരം വേഗത്തിൽ ബന്ധപ്പെട്ട് സന്ദേശങ്ങൾ കൈമാറുവാൻ സാധിക്കുന്നതാണ്.

ഡി) എക്സൈസ് സേനയെ നവീകരിച്ച് ആധുനികവത്കരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഡി) എക്സൈസ് വകുപ്പിന്റെ ആധുനികവത്കരണവുമായി ബന്ധപ്പെട്ട്, മൊബൈൽ ലിക്വർ അനലിറ്റിക്കൽ ലാബ്, വയർലെസ് സംവിധാനം, സ്റ്റേറ്റ് എക്സൈസ് അക്കാഡമി & റിസർച്ച് സെന്ററിന്റെ നവീകരണ പ്രവർത്തനം എന്നിവയാണ് പദ്ധതിയിനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ, പദ്ധതിയേതര ഇനത്തിൽ, 2.75 കോടി രൂപ അനുവദിച്ചിട്ടുള്ളതും, ആയതിൽ നിന്നും, എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, 50 മോട്ടോർ ബൈക്കുകൾ വാങ്ങുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എക്സൈസ് ഓഫീസുകളുടെ സുഗമമായ പ്രവർത്തനത്തിനായി, കമ്പ്യൂട്ടറുകൾ, സ്കാനറുകൾ, പ്രിന്ററുകൾ എന്നിവ വാങ്ങുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ അബ്കാരി, എൻ.ഡി.പി.എസ്. കേസുകളുടെ സ്ഥിതിവിവരക്കണക്ക് തയ്യാറാക്കി സൂക്ഷിക്കുന്നതിനും, വിശകലനം ചെയ്യുന്നതിനും, കുറ്റവാളികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും വേണ്ടി, എക്സൈസ് ക്രൈം റെക്കാർഡ്സ് ബ്യൂറോ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. കൂടാതെ, നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി, 5.20 ലക്ഷം രൂപ ചെലവിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കി. സർവ്വീസ് പ്ലസ് എന്ന സോഫ്റ്റ്‌വെയർ പ്രയോജനപ്പെടുത്തി, ഇലക്ട്രോണിക് രൂപത്തിൽ നൽകാൻ കഴിയുന്ന ഇരുപത്തിരണ്ടോളം സർവ്വീസുകൾ കണ്ടെത്തി, എട്ടോളം സർവ്വീസുകളുടെ സർവ്വീസ് ഡിസൈനർ ഗൈഡ് പൂരിപ്പിച്ച് എൻ.ഐ.സി., ഡൽഹിക്ക് നൽകിയിട്ടുണ്ട്.

സെക്ഷൻ ആഫീസർ